# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3270 — 11.05.2017 ൽ മറുപടിക്ക്

### വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ്. പി. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായി എന്നു വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,535 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും അതുവഴി 138711 .73 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും ഉണ്ടായി. കൂടാതെ കെ എസ് ഐ ഡി സി യുടെ സാമ്പത്തികസഹായത്തോടും, വിവിധ വ്യവസായ പാർക്കുകളിലും ആരംഭിച്ച യൂണിറ്റുകളിൽ ഏകദേശം 110 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായിട്ടുണ്ട്. |
| (ബി) | പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനും, വ്യവസായ സംരംഭകർക്കുള്ള അനുമതിയും ലൈസൻസുകളും അതിവേഗം ലഭ്യമാക്കുന്നതിനുമായി സർക്കാർ പഠനം നടത്തിയിരുന്നു. വാണിജ്യ നിക്ഷേപകർക്ക് അവരുടെ സംരംഭങ്ങൾ സുഗമമായും വേഗത്തിലും നടത്താനാവശ്യമായ പാരിസ്ഥിതികാന്തരീക്ഷം സൃഷ്ടിക്കുക എന്നതിനുവേണ്ടി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ ചട്ടങ്ങൾ / ഉത്തരവുകൾ, നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യ മേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാഫോറം തുടങ്ങിയവ പരിഷ്കരിക്കാനും നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് |

| | | | |
|---|---|---|---|
| | | | സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടി ആരംഭിച്ചു. |
| (സി) | നോക്കുകൂലി തൊഴിൽ സംസ്കാരം കേരളത്തിലേക്ക് നിക്ഷേപകർ കടന്നുവരുന്നതിന് തടസ്സമാണോ; വ്യക്തമാക്കുമോ; | (സി) | "നോക്കുകൂലി" സമ്പ്രദായം സംസ്ഥാനത്തെ നിക്ഷേപകരംഗത്തെ ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | കേരളത്തിൽ സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി , ജല സൗകര്യം,, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതു സേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനം എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**